പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5924 28.03.2018 - ൽ മറുപടിയ്ക്ക്

## ആശ്വാസ കിരണം പദ്ധതി

ചോദ്യം | മറുപടി

ശ്രീ.മഞ്ഞളാംകുഴി അലി | ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 'ആശ്വാസകിരണം' പദ്ധതി വഴിയുള്ള ധനസഹായ വിതരണം എത്ര തവണ യഥാസമയം നൽകാൻ കഴിഞ്ഞിട്ടില്ലായെന്ന് അറിയിക്കുമോ; ഏത് സാഹചര്യത്തിലാണ് ഈ ധനസഹായ വിതരണം മുടങ്ങിയിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് മുമ്പ് 66447 പേർക്ക് ആശ്വാസകിരണം പദ്ധതിയിൻ കീഴിൽ ധനസഹായം അനുവദിച്ചിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 104440 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ആശ്വാസകിരണം പദ്ധതിയിൽ ധനസഹായത്തിന് 2011 മുതൽ 2016 മെയ് വരെ കെട്ടിക്കിടന്ന 23804 അപേക്ഷകൾ പരിശോധിച്ച് ധനസഹായം അനുവദിച്ചിട്ടുണ്ട്. 2017 മാർച്ച് വരെ ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് മരണപ്പെട്ടതും മണിയോർഡർ തിരിച്ച വന്നതുമായ 1488 പേരെ കുറവ് ചെയ്ത് അർഹരായ 102952 പേർക്ക് 2017 മാർച്ച് വരെയുള്ള ധനസഹായം അനുവദിച്ചിട്ടുണ്ട്. ടി ഗുണഭോക്താക്കളിൽ മരണപ്പെട്ടവരെയും മണിയോർഡർ തിരികെ വന്നതുമായ ഗുണഭോക്താക്കളെ ഒഴിവാക്കി ബാക്കിയുള്ള 99121 പേർക്ക് 2018 ഫെബ്രുവരി വരെയുള്ള ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ പൂർണ്ണമായി സ്വീകരിച്ചിട്ടുണ്ട്. 2017 ഏപ്രിലിനുശേഷം 2018 ഫെബ്രുവരി വരെ ലഭിച്ചിട്ടുള്ള 15626 പുതിയ അപേക്ഷകൾ |

| | | | |
|---|---|---|---|
| | | | പരിശോധിച്ച് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ആശ്വാസകിരണം പദ്ധതിയ്ക്കായി അനുവദിച്ചിട്ടുള്ള 2016-17, 2017-18 വർഷം സർക്കാർ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ലഭ്യമാകുന്ന ഫണ്ടിന്റെ കൂടി ലഭ്യതയ്ക്കനുസൃതമായിട്ടാണ് ധനസഹായം അനുവദിച്ച് വരുന്നത്. |
| (ബി) | പദ്ധതിയിൽ പുതിയതായി ചേരുന്നതിന് അപേക്ഷ സമർപ്പിക്കാനെത്തുന്നവരെ നിരുത്സാഹപ്പെടുത്തുന്ന സമീപനമാണ് ഉദ്യോഗസ്ഥർ സ്വീകരിക്കുന്നതെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പദ്ധതിയെ തകർക്കുന്ന ഇത്തരം സമീപനങ്ങൾ അവസാനിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) | പദ്ധതിയിൽ പുതിയതായി ചേരുന്നതിന് അപേക്ഷ സമർപ്പിക്കാനെത്തുന്നവരെ നിരുത്സാഹപ്പെടുത്തുന്ന തരത്തിലുള്ള സമീപനം ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിയ്ക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**